സഹായകരമാകുന്ന രൂപത്തിലാണോ ഇത് പ്ലാൻ ചെയ്തിരിക്കുന്നത് ; എന്നുള്ളത് വിശദമായി പരിശോധിക്കപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രിലിമിനറിയായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ കണക്ക് വിശദമായി പരിശോധിക്കാനാണ് ഗവൺമെന്റിന്റെ എൽ.എസ്.ജി.ഡി. സെക്രട്ടറി കൂടി അംഗമായ മൂന്നംഗ കമ്മിറ്റിയെ വച്ചത്. പിന്നീട് നോട്ടിഫിക്കേഷൻ വരുമ്പോൾ അവിടെ ഒരു ബുദ്ധിമുട്ട് ഉണ്ടാകരുത്. വളരെ വേഗത്തിൽ തന്നെ നോട്ടിഫിക്കേഷൻ വരും. അപ്പോൾ ഈ സംശയങ്ങൾ മാറും.

വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ്

2 (*392) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പ്രവർത്തന മികവിന്റെ പേരിൽ കേന്ദ്ര സർക്കാർ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇ-ഗവേണൻസ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കിയത് ;

(ഡി) സംസ്ഥാന സ്ക്കൂൾ കലോൽസവം, ഉച്ചഭക്ഷണ പരിപാടിയുടെ നിർവ്വഹണം എന്നിവയ്ക്ക് ഇ-ഗവേണൻസ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) സ്ക്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ,

(എ) താഴെപ്പറയുന്ന പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1. 2006-ൽ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം.

2. 2008-ൽ ഡിജിറ്റൽ ലേണിംഗ് വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച സർക്കാർ ഐ.റ്റി. സംരംഭത്തിനുള്ള 'ഇ-ഇന്ത്യ 2008' അവാർഡ്.

3. ഏകജാലക സംവിധാനത്തിന് നാഷണൽ ഇ-ഗവേണൻസ് അവാർഡ്-2009.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പൊതു വിദ്യാഭ്യാസ വകുപ്പിലെ 'ഇ' ഗവേണൻസ് സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഐ.റ്റി.@ സ്കൂൾ ആണ്. ഈ പ്രോജക്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രധാന ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ ഇനി പറയുന്നു. അദ്ധ്യാപകരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും സ്ഥലം മാറ്റവും നിയമനവും, സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ കമ്പ്യൂട്ടർവൽക്കരണം, സമ്പൂർണ്ണ കായികക്ഷമതാ പരിപാടിയുടെ കമ്പ്യൂട്ടർവൽക്കരണം, കേരള സ്കൂൾ കലോൽസവം നടത്തിപ്പ് ഓൺലൈനാക്കൽ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവേശന പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, പാഠപുസ്തക വിതരണത്തിലുള്ള ഇന്റന്റിംഗ് ഓൺലൈനാക്കൽ, 'സ്പാർക്ക്' വിദ്യാഭ്യാസ വകുപ്പിൽ നടപ്പാക്കൽ, പ്രീമെട്രിക് സ്കോളർഷിപ്പിന് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തൽ, ഇ-ടെക്സ്റ്റ് ബുക്ക് ലഭ്യമാക്കൽ, വെബ്പോർട്ടൽ ലഭ്യമാക്കൽ, ഹയർസെക്കന്ററി പ്രവേശനത്തിനുള്ള ഏകജാലക സംവിധാനത്തിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കൽ, എസ്.എസ്.എൽ.സി. പരീക്ഷാ ഫലം 'നെറ്റിൽ' ലഭ്യമാക്കൽ, ഇതുകൂടാതെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കി വരികയാണ്. സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനം സമ്പൂർണ്ണമായും ഓൺലൈനാക്കി മാറ്റിക്കഴിഞ്ഞു. കേരള സർവ്വകലാശാലയിൽ പി.ജി. കോഴ്സുകളുടെ പ്രവേശനം ഇതിനകം ഓൺലൈനാക്കിയിട്ടുണ്ട്. മറ്റു സർവ്വകലാശാലകളിലെ പ്രവേശനവും ഓൺലൈനാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരീക്ഷാ സംബന്ധമായ ജോലികൾ ഓൺലൈനാക്കുന്ന പ്രക്രിയ പുരോഗമിച്ചു വരികയാണ്. പരീക്ഷാ ജോലികളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് ശ്രീ. ശങ്കരാചാര്യ സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും മറ്റു സർവ്വകലാശാലകൾക്ക് രണ്ടു കോടി രൂപാ വീതവും നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും നാഷണൽ മിഷൻ ഓൺ ഐ.സി.റ്റി. പദ്ധതിയും നടപ്പാക്കുന്നതാണ്. സ്കോളർഷിപ്പ് പദ്ധതികളുടെ അപേക്ഷ സ്വീകരിക്കൽ, വിതരണം തുടങ്ങിയവയും ഓൺലൈനാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2009-10-ൽ സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഹൈസ്ക്കൂളുകൾ, ഹയർ സെക്കന്ററി സ്ക്കൂളുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ എന്നിവിടങ്ങളിൽ ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൗകര്യം സൗജന്യമായി ലഭ്യമാക്കി. ഐ.സി.ടി. പദ്ധതിയിലുൾപ്പെട്ട എയ്ഡഡ് സ്ക്കൂളുകൾക്കും ഈ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ബ്രോഡ്ബാന്റ് സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ വയർലെസ് രൂപത്തിൽ ലഭ്യമാക്കിയിട്ടുള്ള ഇന്റർനെറ്റ് സൗകര്യം എക്സ്ചേഞ്ചുകളിൽ ബ്രോഡ്ബാന്റ് സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മാറ്റി നൽകുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുരളി പെരുനെല്ലിക്കുവേണ്ടി ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, IT @ School പദ്ധതിയുടെ ഭാഗമായി 12,500-ൽപ്പരം അദ്ധ്യാപകന്മാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഈയിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 60,000-ത്തോളം അദ്ധ്യാപകർക്ക് ഉപകരിക്കാൻ കഴിയുന്ന രീതിയിലുള്ള വിവരസാങ്കേതിക വിദ്യാ പഠനത്തിന്റെ ഡി.വി.ഡികൾ വിതരണം ചെയ്യുകയും ചെയ്തു. അതുപോലെ 4000-ത്തോളം കുട്ടി ഐ.ടി. കോ-ഓർഡിനേറ്റർമാരും ഇപ്പോൾ കേരളത്തിലുണ്ട്. ഇതിന്റെ എല്ലാം ഫലമായിട്ട് വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് വന്നിട്ടുള്ളതെന്നതിനെക്കുറിച്ച് പരിശോധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്താൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണ് കാര്യങ്ങൾ ?

ശ്രീ. എം. എ. ബേബി : സർ, നമ്മൾ ഇത്തരത്തിലുള്ള മാറ്റങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ ഉചിതമായ സമയത്ത് ഇത്തരം പ്രവർത്തനങ്ങളുടെ പ്രയോജനം എന്താണ്, ഫലപ്രാപ്തി എന്താണ് എന്നുള്ളതിനെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, വിദ്യാഭ്യാസം വളരെ കുഞ്ഞ് നാളിലെ തുടങ്ങേണ്ടതാണ്. അത് തുടർപ്രക്രിയയാണ്. ഇപ്പോൾ പട്ടണ പ്രദേശങ്ങളിലുള്ള, അതുപോലെ ഗ്രാമ പ്രദേശങ്ങളിലുള്ള ഹൈസ്ക്കൂളുകളിലൊക്കെത്തന്നെ കമ്പ്യൂട്ടറുകളും അതുപോലെ മറ്റ് ഐ.ടി. പഠനത്തിനുള്ള സൗകര്യങ്ങളുമുണ്ട്. കേരളത്തിലെ 12,500-ൽപ്പരം വിദ്യാലയങ്ങളിൽ ഏഴായിരത്തോളം സ്ക്കൂളുകൾ സ്വകാര്യമേഖലയിലാണ്. അത് പലതും നാട്ടിൻപുറത്താണ്. അത്തരം സ്ഥാപനങ്ങൾകൂടി വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്താനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ എം. എ. ബേബി : സർ, നാട്ടിൻപുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഐ.ടി. പഠന സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നുണ്ട്.

ശ്രീ ബാബു എം. പാലിശ്ശേരിക്കുവേണ്ടി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇ-ഗവേണൻസ് വന്നതിന്റെ ഗുണം എല്ലാ മേഖലയിലും ഉണ്ടാകേണ്ടതാണ്. പരീക്ഷാ ഫലങ്ങൾ, ജനനത്തീയതി തിരുത്തുക അതുപോലെ മാർക്ക് ലിസ്റ്റിൽ വരുന്ന മാറ്റങ്ങൾ ഉണ്ടാക്കുക അങ്ങനെ തിരുത്തലിനുവേണ്ടി ധാരാളം ഫയലുകൾ കുമിഞ്ഞുകൂടി കിടക്കുകയാണ്. ഇ-ഗവേണൻസ് വന്ന സ്ഥിതിക്ക് അടിയന്തിരമായിട്ട് ഇത് അപ് ടു ഡേറ്റ് ആക്കാൻ കഴിയേണ്ടതാണ്. അതുപോലെ ഈ വക കാര്യങ്ങൾക്ക് തിരുവനന്തപുരത്തേയ്ക്ക് വരാതെ ഈ സംവിധാനം ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനും ഇ-ഗവേണൻസ് വന്നതുവഴി സാധ്യമാകുന്നതാണ്. ഇത് ഒന്ന് അപ് ടു ഡേറ്റാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രകാരമുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുകൊണ്ടിരിക്കുകയാണ്. പത്താം ക്ലാസു വരെയുള്ള എല്ലാ ജനനത്തീയതി തിരുത്തൽ അപേക്ഷകളും ഡി. ഇ. ഒ. ആഫീസുകളിൽ സ്വീകരിക്കാനുള്ള സംവിധാനം ഇതിനകം ഏർപ്പെടുത്തി കഴിഞ്ഞു. പത്താംതരം പരീക്ഷയ്ക്ക് പണം അടച്ചവരുടെ കാര്യങ്ങൾ മാത്രമേ തിരുവനന്തപുരത്തേയ്ക്ക് വരേണ്ടതുള്ളു.

ശ്രീ. എം. ചന്ദ്രൻ : സർ, സംസ്ഥാനത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അതിന് ദേശീയ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടെന്നാണ് അങ്ങ് ഇവിടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. എന്നാൽ ഈ സംവിധാനം തികച്ചും കുറ്റമറ്റതാണ് എന്ന അഭിപ്രായം ഇപ്പോഴും പല വിഭാഗങ്ങൾക്കും ഇല്ല. അവരുടെ ആ അഭിപ്രായം ദുരീകരിച്ച് ഇത് നല്ല നിലയിൽ നടത്തുന്നതിനുവേണ്ടിട്ടുള്ള പരിപാടികൾ അങ്ങയുടെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ ?

ശ്രീ. എം. എ. ബേബി : സർ, ഏകജാലക സംവിധാനത്തെ സംബന്ധിച്ച് ആദ്യം ചില പരാതികളും സംശയങ്ങളും പ്രകടിപ്പിച്ചെങ്കിലും അത് കുറ്റമറ്റ വിധത്തിൽ നടത്താൻ കഴിയുമെന്ന് നമ്മൾ ഇതിനകം തെളിയിച്ചു കഴിഞ്ഞു. ഇനിയിപ്പോൾ ആവശ്യമായിട്ടുള്ളത് ഇത് എങ്ങനെ ഏറ്റവും ഫലപ്രദമായി അർഹതപ്പെട്ടവർക്കെല്ലാം മെരിറ്റിന്റെയും സംവരണ തത്വങ്ങളുടെയും അടിസ്ഥാന തത്വങ്ങൾ പാലിച്ചുകൊണ്ട് പ്രവേശനം നൽകാൻ നമ്മൾ ഉദ്ദേശിച്ചിരിക്കുന്നത് എന്നുള്ള കാര്യം വ്യാപകമായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് ജനങ്ങൾക്ക് നേരിട്ട് ബോദ്ധ്യപ്പെട്ട് തുടങ്ങിയിട്ടുണ്ട്. മാധ്യമങ്ങൾകൂടി ഇക്കാര്യത്തിൽ സഹകരിക്കേണ്ടതാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളം മാറിയത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കണ്ടറി സ്ക്കൂളുകളിലേയ്ക്കും അൺ എയ്ഡഡ് ഹൈസ്ക്കൂളുകളിലേയ്ക്കും ആവശ്യമായ പാഠ പുസ്തക വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ ഓൺ ലൈൻ ടെസ്റ്റ് ബുക്ക് ഇന്റന്റിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ വല്ല പോരായ്മകളും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ ?

ശ്രീ. എം. എ. ബേബി : സർ, ഇത്തരത്തിൽ ഇന്റന്റിംഗ് ശേഖരിച്ചു കൊണ്ട് പാഠപുസ്തകങ്ങൾ നേരിട്ട് സ്ക്കൂളുകളിൽ എത്തിക്കുന്ന ഒരു സംവിധാനം ഈ വർഷമാണ് പുതുതായിട്ട് നടപ്പിലാക്കുന്നത്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടുകൂടി വളരെ നല്ല നിലയിൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ആദ്യ വർഷം എന്നുള്ള നിലയിൽ ഇത് നടപ്പിലാ ക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ചില സ്ഥലങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. അത് പരിശോധിച്ച് പരിഹരിക്കാൻ കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, കമ്പ്യൂട്ടർ എഡ്യൂക്കേഷന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടിയ കാര്യം അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. അതുപോലെ തന്നെ പല സബ്ജില്ലാ തലങ്ങളിലും നിയോജകമണ്ഡല തലങ്ങളിലും ജനപ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളും പി.ടി.എ.യും മാനേജുമെന്റും ഒക്കെ മുൻകൈ എടുത്തു കൊണ്ട് വളരെയേറെ അഡ്വാൻസായി എൽ.പി.സ്ക്കൂളുകളിൽപ്പോലും സ്മാർട്ട് ക്ലാസ് തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഉൾപ്പെട്ട ഒരു സ്ഥമാണ് വലപ്പാട് വിദ്യാഭ്യാസ ഉപജില്ല. 'ഇ-ലീപ്' എന്നു പറയുന്ന ഒരു പദ്ധതി തന്നെ അവിടെ നടപ്പിലാക്കി. മറ്റൊരിടത്തും നടപ്പിലാക്കിയിട്ടില്ല. മാതൃകാപരമായ ഇത്തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്ന സബ്ജില്ലകൾക്ക് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് കൊടുക്കുന്നതുപോലെയുള്ള അംഗീകാരങ്ങളും പ്രശംസയും കൊടുക്കുന്നതിനുവേണ്ടി അങ്ങ് പ്രത്യേകം താല്പര്യമെടുക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, കമ്പ്യൂട്ടർ പഠനവും കമ്പ്യൂട്ടർ അധിഷ്ഠിത പഠനവും യഥാർത്ഥത്തിൽ ഏറ്റവും താഴെ തട്ടിലുള്ള ഒന്നാം ക്ലാസ് മുതലുള്ള കുട്ടികളെ പഠിപ്പിക്കുവാൻ കഴിയും. കുഞ്ഞുങ്ങൾക്കാണ് ഇത് വളരെ വേഗം ഉൾക്കൊള്ളാനും മനസ്സിലാക്കുവാനും കഴിയുക. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്തവിധം അഞ്ച്, ആറ്, ഏഴ് സ്റ്റാന്റേർഡുകളിൽ ഇത്തരം പഠന സാമഗ്രികൾ തയ്യാറാക്കി അധ്യാപകരെ പരിശീലിപ്പിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനുള്ള നടപടി സ്വീകരിച്ചത് കേരളത്തിലാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമ്മുടെ എം.എൽ.എ.മാരും എം.പി.മാരും ഇക്കാര്യത്തിൽ വളരെയധികം താൽപ്പര്യം കാണിക്കുന്നുണ്ട്. ഉപജില്ല അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തുന്നവർക്ക് അടക്കം അംഗീകാരം കൊടുക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. പി. ജയരാജൻ : സർ, വിദ്യാഭ്യാസ വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സഭയെ അറിയിച്ചിട്ടുള്ളത്. വിദ്യാർത്ഥി പ്രവേശനത്തിൽ ഇക്കാര്യം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിൽ പലപ്പോഴും സ്ഥലം മാറ്റങ്ങൾക്ക് വലിയ നിലയ്ക്കുള്ള കൈക്കൂലിയും അഴിമതിയുമൊക്കെ നടക്കുന്നുണ്ടെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുള്ളതാണ്. സ്ഥലംമാറ്റം പോലെയുള്ള കാര്യങ്ങളും ഇ-ഗവേണൻസ് പരിധിയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ളത് വളരെ ശരിയായ കാര്യമാണ്. വിദ്യാഭ്യാസ വകുപ്പിൽ ഏറ്റവും കൂടുതൽ ആക്ഷേപങ്ങൾ ഉണ്ടാകാറുള്ള വിഷയം അദ്ധ്യാപക സ്ഥലംമാറ്റമാണ്. ഈ ഗവൺമെന്റ് എ.ഇ.ഒ. മാരുടെ സ്ഥലംമാറ്റം ഉൾപ്പെടെ ഹൈസ്കൂളികളിലേയും ഹയർ സെക്കണ്ടറി മേഖലയിലേയും അദ്ധ്യാപകരുടെ സ്ഥലംമാറ്റം മുഴുവൻ ഓൺലൈനാക്കി മാറ്റാനുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ അത് നടപ്പിലായിട്ടുണ്ട്. നമ്മുടെ സമൂഹത്തിൽ അർബുദംപോലെ വ്യാപിച്ചുകൊണ്ടിരുന്ന അഴിമതി ഒരുപരിധിവരെ നിയന്ത്രിക്കുവാൻ ഈ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഇ-ഗവേണൻസിനെ കുറിച്ചാണ് ചോദ്യം. ഈയിടെ എനിക്കുണ്ടായ അനുഭവം, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കോഴ്സ് തുടങ്ങുന്നതിനുവേണ്ടിയുള്ള ഉദ്ഘാടനത്തിനു പോയപ്പോൾ കമ്പ്യൂട്ടർ സയൻസിന്റെ സിലബസ്സിന്റെ ഭാഗമായി ടൈപ്പ്റൈറ്റർ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ടൈപ്പ്റൈറ്റർ ലോകത്ത് എവിടെയാണ് നിർമ്മിക്കുന്നതെന്ന് എനിക്ക് അറിയില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അങ്ങയുടെ വകുപ്പിന് ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, കീ-ബോർഡ് പരിചയപ്പെടാൻവേണ്ടി ടൈപ്പ് റൈറ്റർവച്ച് എവിടെയെങ്കിലും പഠിപ്പിക്കുന്നുണ്ടോ എന്നുള്ളത് അറിയുകയില്ല ; ചില സ്ഥലങ്ങളിലുണ്ടാകാം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് നന്നായി. ഈ ഗവൺമെന്റ് ഇക്കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ഈ രംഗത്ത് നടത്തിയിട്ടുള്ള ഇടപെടലിൽ ഏറ്റവും പ്രധാനപ്പെട്ടതും അഭിമാനകരമായതുമായ കാര്യം ഞാൻ പറയാം. പല സ്കൂളുകളിലും കമ്പ്യൂട്ടർ ടൗവ്വലിട്ട് പുതപ്പിച്ച് വച്ചിരിക്കുകയാണ്. എന്നിട്ട് കമ്പ്യൂട്ടറുകൾ സ്ഥാപിച്ചു എന്ന് അവകാശപ്പെടുകയാണ്. ഈ സമ്പ്രദായം നമ്മുടെ നാട്ടിൽ ഒരുപാട് സ്കൂളുകളിൽ നിലനിന്നിരുന്നു. ഇത് കണ്ടുപിടിച്ച് തിരുത്താൻ വേണ്ടിയുള്ള ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. ചില സ്കൂളുകളിൽ കമ്പ്യൂട്ടറിന് ചെറിയ എന്തെങ്കിലും കേടുപാടുണ്ടായാൽ അത് നന്നാക്കാൻ കഴിയുകയില്ല എന്ന പേരിൽ ടവ്വൽ പുതപ്പിച്ച് സുഖനിദ്രയിൽ അവയെ കിടത്തുന്ന സമ്പ്രദായമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ചെയ്തത് ഏതാണ്ട് ആറര കോടി രൂപ മുടക്കി വ്യത്യസ്ത മേഖലകളിൽവച്ച് ഹാർഡ് വെയർ ക്ലിനിക്കുകൾ എന്നുപറഞ്ഞ് ഒരു പുതിയ സംരംഭം ആരംഭിച്ചു. കമ്പ്യൂട്ടറുകൾക്കുണ്ടാകുന്ന വ്യത്യസ്ത കേടുപാടുകൾ എങ്ങനെ നന്നാക്കാം എന്നുള്ള പരിശീലനം ഓരോ സ്കൂളിലേയും രണ്ടുമൂന്ന് അദ്ധ്യാപകർക്ക് കെൽട്രോണിലെ വിദഗദ്ധർ നൽകി. ഇതുവഴി 49 കോടി രൂപയുടെ നേട്ടമാണ് സംസ്ഥാനത്ത് നേടാൻ കഴിഞ്ഞത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലുള്ള പ്രശ്നങ്ങൾ അതിവേഗം പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഫീസ് അടച്ചവർക്കെല്ലാം തിരുവനന്തപുരത്തുവന്ന് തിരുത്തലിനു വേണ്ടി അപേക്ഷ കൊടുക്കുന്ന കാര്യം അങ്ങ് ഇവിടെ പറയുകയുണ്ടായി. പരീക്ഷാ ഭവനിൽ ഇതുപോലുള്ള പതിനായിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. അത് തിരുത്തുന്നതിന് ഒരുപാട് കാലതാമസം വരികയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി അവിടെ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല എന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്ന ഒരു കാര്യം. രണ്ടാമത്തെ കാര്യം, അങ്ങ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു അദാലത്ത് കൊല്ലത്തുവച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുണ്ടായി. തൃശ്ശൂരിലും കോഴിക്കോടുംകൂടി ഇതുപോലെയുള്ള അദാലത്തുകൾ സംഘടിപ്പിച്ച് ഈ വക കാര്യങ്ങളിൽ പെട്ടെന്ന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം നടപ്പാക്കുന്നതാണ്.

ശ്രീ. എൻ. ശക്തൻ : സർ, ഇ-ഗവേണിംഗ് പ്രോഗ്രാം ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത് ഭരണപരമായ തലത്തിലാണ്. ഇതിനുപുറമേ അക്കാദമിക് തലത്തിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതിന് ശ്രമിക്കുമോ ; സംസ്ഥാനത്തെ 253 സ്കൂളുകൾ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതോടൊപ്പം സ്വന്തമായ കെട്ടിടത്തിലേക്ക് ഇവയെ മാറ്റുന്നതിനുള്ള ശ്രമം കൂടി ഗവൺമെന്റ് നടപ്പിലാക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, കേരളത്തിലെ എല്ലാ സ്കൂളുകൾക്കും സ്വന്തമായ കെട്ടിടം ലഭ്യമാക്കുവാനുള്ള പ്രവർത്തനം നടത്തിവരികയാണ്. ബഡ്ജറ്റിലും അതിനുവേണ്ട പണം നീക്കിവയ്ക്കാമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. അക്കാദമികമായ കണ്ടന്റിന്റെ കാര്യത്തിൽ ഇ-ഗവേണൻസ് കൊണ്ടുവരാനുള്ള നടപടികൾ മുമ്പെങ്ങുമില്ലാത്തവിധം നമുക്ക് മുന്നോട്ടു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നലെ ആദരണീയനായ മുഖ്യമന്ത്രി തിരുവനന്തപുരത്ത് എട്ടാം ക്ലാസ്സിൽ ഐ.സി.ടി. അധിഷ്ഠിത പഠനം മിക്കവാറും എല്ലാ വിഷയങ്ങളിലും നടപ്പിലാക്കുവാൻ ആവശ്യമായ ഡി.വി.ഡി.കൾ അധ്യാപകർക്ക് ഉപയോഗപ്പെടുത്താൻ വേണ്ടി 60,000 അദ്ധ്യാപകർക്ക് വിതരണം ചെയ്യാനുള്ള ഡി.വി.ഡി.കൾ പ്രകാശിപ്പിക്കുകയുണ്ടായി. സഭയിലെ എല്ലാ അംഗങ്ങൾക്കും ഈ ഡി.വി.ഡിയുടെ കോപ്പി ലഭ്യമാക്കുമെന്ന് ഉറപ്പു നൽകുകയാണ്.

ശ്രീ. എം. എം. മോനായി : സർ, ഇ-ഗവേണിംഗ് സംവിധാനം വളരെ ഫലപ്രദമായി അങ്ങിവിടെ നടപ്പിലാക്കുകയുണ്ടായി. ഇത്തവണത്തെ പ്ലസ് വൺ പ്രവേശനത്തിൽ സി.ബി.എസ്.ഇ. പരീക്ഷ വൈകിയതുകൊണ്ട് സി.ബി.എസ്.ഇ. മാനേജുമെന്റുകളുടെ ചില തെറ്റായ കാഴ്ചപ്പാടിന്റെ ഫലമായി അവിടെ പഠിക്കുന്ന കുട്ടികൾക്ക് പല കാരണങ്ങളാൽ അവിടെത്തന്നെ അഡ്മിഷൻ നൽകുന്നില്ല. പക്ഷേ ഗവൺമെന്റ് ഈ കുട്ടികളുടെ ഭാവിയെ കരുതിക്കൊണ്ട് അങ്ങ് നിയമസഭയിൽ ഇരുപത് ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കാമെന്ന് പറഞ്ഞിട്ടും പല മാനേജുമെന്റുകളും ആ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടില്ല. ആ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും അതുപോലെതന്നെ സർക്കാർ-എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ-ന് 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ച് അവർക്ക് അഡ്മിഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ചോദിച്ചതുകൊണ്ട് ഈ വേദി ഉപയോഗപ്പെടുത്തിക്കൊണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിനുവേണ്ടി 26765 സീറ്റുകൾ ലഭ്യമാണ്. ഇതിൽ ബയോളജി ഉൾപ്പെടെയുള്ള സയൻസ് ഗ്രൂപ്പുകൾക്ക് 11,234 സീറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാണ്. കഴിഞ്ഞ വർഷം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിഭാഗത്തിൽ നിന്നും നമ്മുടെ സ്റ്റേറ്റ് സിലബസ്സിലേക്ക് 2888 കുട്ടികളാണ് അപേക്ഷിച്ചിരുന്നത്. ആ തോതിൽ അതിന്റെ ഇരട്ടിയോ മൂന്നിരട്ടിയോ അപേക്ഷിച്ചാലും ഇന്ന് ലഭ്യമാണ്. എന്നാൽ ഉദ്ദേശിക്കുന്ന ചില സ്കൂളുകളിൽ ഇതില്ല എന്നുള്ളതും യാഥാർത്ഥ്യമാണ്. തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളെ സംബന്ധിച്ചിടത്തോളം ഈ സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുള്ളതുപോലെ, ഈ വർഷംതന്നെ പുതിയ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്താൻ പോകുകയാണ്. അവിടെയുള്ള സി.ബി.എസ്.ഇ. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ആ സൗകര്യം ഉപയോഗിച്ച് അപേക്ഷിക്കാം. തെക്കൻ ജില്ലകളിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ 20% സീറ്റ് വർദ്ധിപ്പിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നു. അത് എയ്ഡഡ് സ്കൂളുകൾക്കും അൺ എയ്ഡഡ് ഓർഗനൈസ്ഡ് സ്കൂളുകൾക്കും ഉപയോഗപ്പെടുത്താം. പക്ഷേ അവർ മുന്നോട്ടു വരുന്നില്ല. അവർ മുന്നോട്ടു വന്നുകഴിഞ്ഞാൽ യഥാർത്ഥത്തിൽ സീറ്റുകൾ ഇല്ല എന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വിദേശ രാജ്യങ്ങളിൽ മിക്കവാറും അതത് ക്ലാസ്സ് റൂമുകളിലെ പാഠ്യ പദ്ധതികൾ ഫീഡ് ചെയ്ത ഇ-റീഡറുകളാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അത്രമാത്രം ടെക്നോളജി ഉയർന്ന ഒരു ഘട്ടത്തിൽ നാം കമ്പ്യൂട്ടറിന്റെ പുരോഗതിക്കുവേണ്ടി യത്നിക്കുകയാണ്. അപ്പോൾ എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ ഇല്ലാത്ത അവസ്ഥ ഇല്ലായ്മ ചെയ്യാൻവേണ്ടി ഇപ്പോൾ എം.എൽ.എ. ഫണ്ട് പോലുള്ളത് ഉപയോഗിച്ചു കൊണ്ട് മിക്ക നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിവിധ സ്കൂളികളിലുള്ള ഏറ്റവും വലിയ പ്രശ്നം കമ്പ്യൂട്ടർ ഉള്ള സ്കൂളുകളിൽ ഒന്നും അത് സൂക്ഷിച്ചുവയ്ക്കുന്നതിനാവശ്യമായ ലബോറട്ടറി സൗകര്യമില്ല എന്നുള്ളതാണ്. അതുകൊണ്ട് സർക്കാർ ഒരു തീരുമാനമായി എടുത്ത് ഹൈസ്കൂൾ-ഹയർസെക്കണ്ടറി തലത്തിലെങ്കിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിനുവേണ്ടി പ്രത്യേക ഫണ്ട് നൽകി ഒരു പ്രത്യേക സ്കീമായി നടപ്പിലാക്കുമോ ?

ശ്രീ. എം. എ. ബേബി : ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കമ്പ്യൂട്ടർ ലാബുകൾ ഉറപ്പാക്കുവാനുള്ള നടപടികൾ എടുക്കുന്നുണ്ട്. പക്ഷേ അത് മാത്രമല്ല, ഒരു സ്കൂളിൽ ഒരു കമ്പ്യൂട്ടർ ലാബ് എന്നുള്ള കാഴ്ചപ്പാടു തന്നെ ഇന്ന് അപ്രസക്തമാണ്. ഓരോ ക്ലാസ് മുറികളിലും കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ പറ്റുന്ന വിധത്തിൽ വൈദ്യുതി കണക്ഷനുള്ള റൂമുകളാക്കി മാറ്റണം. 20,000 ക്ലാസ് മുറികൾ കമ്പ്യൂട്ടർവത്കരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സ്കൂളിന്റെ വൈദ്യുതിവത്കരണമല്ല, ക്ലാസ് മുറികളുടെ വൈദ്യുതിവത്കരണവും ക്ലാസ് മുറികളിൽ ലാപ്ടോപ് അടക്കം കൊണ്ടുവച്ച് ഓരോ ക്ലാസ് മുറികളിലും കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകാനുള്ള സൗകര്യവും ലഭ്യമാക്കുക എന്ന ലക്ഷ്യം മുന്നോട്ടുവച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ : സർ, ഐ.ടി.എ. യും പി.ടി.ഐ.യും പിന്നിട്ട് നമ്മൾ നാനോ ടെക്നോളജിയുടെ കാലഘട്ടത്തിൽ എത്തി നിൽക്കുകയാണ് ഇ-ഗവേണൻസും സ്മാർട്ട് ക്ലാസ് റൂമുമൊക്കെ വ്യാപകമായി വരുന്നത് സ്വാഗതാർഹമാണ്. പക്ഷേ ഇപ്പോൾ പ്രീ പ്രൈമറിതലം മുതലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിവര വിപ്ലവ യുഗത്തിന് അനുയോജ്യമായ വിധത്തിൽ നമുക്ക് പുനഃസംഘടിപ്പിക്കുവാൻ കഴിയണം. 40-ഉം 50-ഉം കുട്ടികളാണ് പല സ്കൂളുകളിലുമുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അവിടെ കമ്പ്യൂട്ടർ മൂടിവയ്ക്കുവാനല്ലാതെ പഠിപ്പിക്കുവാൻ ആളില്ല. അതുകൊണ്ട് ഇന്നിപ്പോൾ തൊട്ടടുത്ത് സ്കൂൾ ഉള്ളപ്പോഴും കുട്ടികളെ ബസ്സിൽവിട്ട് പഠിപ്പിക്കുന്ന സ്ഥിതിയാണ്. ഈ സ്കൂളുകളെ സംയോജിപ്പിച്ച് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കി ഫലപ്രദമായ വിധത്തിൽ പുനരാരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകൾ വളരെ വേഗത്തിൽ കേട് വരുന്നുണ്ട്. പക്ഷെ അത് റിപ്പയർ ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ഏർപ്പെടുത്തുകയാണെങ്കിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയുണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇത്തരത്തിലുള്ള കേട് വരുന്ന കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യാനുള്ള സെന്ററുകൾ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, ഇതാണ് കമ്പ്യൂട്ടർ ഹാർഡ് വെയർ ക്ലിനിക്കുകൾ എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത് എന്ന് ഞാൻ വിശദീകരിച്ചത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, എൻട്രൻസ് പ്രവേശനവുമായി ബന്ധപ്പെട്ട് ഇ-ഗവേണൻസ് നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ; കോളേജ് വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ഇ-ഗവേണൻസ് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : പ്രവേശന പരീക്ഷാ സമ്പ്രദായം മുഴുവൻ നമ്മൾ ഇ-ഗവേണൻസിന്റെ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഇപ്പോൾ നടപ്പാക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലും ഈ പ്രവർത്തനം നടപ്പാക്കും.

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുന്ന സ്ക്കൂളുകളിൽ ഇന്നത്തെ വൈദ്യുതി ചാർജ് വ്യാപാര നിരക്കിലാണ് വാങ്ങുന്നത്. അത് ചുരുക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടും ഒരു പരിഹാരവുമില്ല. സാധാരണഗതിയിൽ കാർഷിക രംഗത്ത് കൊടുക്കുന്നതു പോലെ ഒരു പ്രത്യേക ചാർജായി വൈദ്യുതി ചാർജ്ജ് ഈടാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : ഇക്കാര്യം ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, കമ്പ്യൂട്ടർ ഉപയോഗം ഇന്ന് സാർവ്വ ജനികമായിട്ടുണ്ട്. സ്ക്കൂളുകളിൽ കമ്പ്യൂട്ടറിൽ കൂടി കൊടുക്കുന്ന സർട്ടിഫിക്കറ്റുകളിലെ അക്ഷരങ്ങളെല്ലാം മാഞ്ഞുപോകുന്നു. അതുപോലെ മാർക്കുകൾ മാഞ്ഞുപോകുന്നു. രണ്ടുമൂന്ന് കേസുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് പ്രിന്റിംഗിന്റെ ക്വാളിറ്റി മെച്ചപ്പെടുത്തുന്നത് ഉറപ്പുവരുത്തുമോ ?

ശ്രീ. എം. എ. ബേബി : സർ, ഇക്കാര്യത്തിനാവശ്യമായ നടപടി എടുക്കുന്നതാണ്.

ശ്രീ. എ. എം. യൂസഫ് : സർ, എന്റെ മണ്ഡലത്തിൽ സമ്പൂർണ്ണ ഇ-ഗവേണൻസ് കമ്പ്യൂട്ടർവൽക്കരണം പ്രഖ്യാപിച്ചത് ബഹുമാനപ്പെട്ട സ്പീക്കറാണ്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇ-ഗവേണൻസ് പദ്ധതി അനുസരിച്ച് കുട്ടികൾക്ക് ഗുണകരമായ എന്ത് നടപടിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എം. എ. ബേബി : സർ, ഈ പദ്ധതികൾ മുഴുവൻ വിദ്യാർത്ഥികൾക്ക് ഗുണകരമാകണമെന്നുള്ള നിലയിലാണ് നമ്മൾ മുന്നോട്ട് പോകുന്നത്.

ശ്രീ. കെ. രാജു : സർ, ഇതിലെല്ലാം പ്രധാനപ്പെട്ടതാണല്ലോ പാഠ പുസ്തകം. എന്റെ മണ്ഡലത്തിലെ റിമോട്ട് ഏരിയകളിലെ സ്ക്കൂളുകളിൽ പാഠപുസ്തകം ഇതുവരെ ലഭിച്ചിട്ടില്ല. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : സർ, പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് രണ്ട് നിലയിൽ നമ്മൾ ഇതിനെ കാണേണ്ടതുണ്ട്. ഒന്ന് ഇപ്പോൾ പാഠ പുസ്തകങ്ങൾ മുഴുവൻ ഓൺലൈനിൽ എവിടേയും ലഭ്യമാണ്. അച്ചടിച്ച് കൊടുക്കേണ്ട ആവശ്യമേയില്ല. അതാണ് ആദ്യം മനസ്സിലാക്കേണ്ടത്. രണ്ടാമത് ഇതുകൊണ്ട് നമ്മൾ അച്ചടിച്ച പുസ്തകം നൽകാതിരിക്കുന്നില്ല. ശ്രീ. കെ. സി. ജോസഫും ഞാനും പഠിക്കുന്ന കാലത്ത് പുതിയ പുസ്തകം വാങ്ങുകയല്ല ചെയ്യുന്നത്. പഴയ പുസ്തകം വാങ്ങിയാണ് പഠിച്ചത്. ഇന്നാരും പഴയ പുസ്തകം വാങ്ങുന്നില്ല. അതുകൊണ്ട് എട്ടാം ക്ലാസ്സുവരെ പുതുപുത്തൻ പുസ്തകം സൗജന്യമായി കൊടുക്കുകയാണ്. അതിനു മുകളിലുള്ളവർക്കും പഠിക്കാൻ പുസ്തകം കൊടുക്കുന്നുണ്ട്. ഇപ്പോൾ 3,20,71,032 പാഠ പുസ്തകങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. അപൂർവ്വം ചില സ്ഥലങ്ങളിൽ പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട പരാതിയുണ്ട്. അവ ഓരോന്നും പരിശോധിച്ച് പരിഹാരം കാണുന്നതാണ്.